**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** **12-02-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിലെ ശിവാപാർക്ക് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര ഡാമിലെ ശിവാപാർക്ക് നവീകരണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കേരള വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമായ സാഹചര്യത്തിൽ നിർവ്വഹണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | അരുവിക്കര ഡാമിലെ ശിവ പാർക്ക് നവീകരണവുമായി ബന്ധപെട്ടു നടപ്പിലാക്കുന്ന പദ്ധതിയാണ് അരുവിക്കര ഡാം ശിവ പാർക്കിലെ ടൂറിസം വികസനം”. പ്രസ്തുത പദ്ധതിയ്ക്കായി M/s Hites എന്ന ഏജൻസി മുഖേന 3,94,04,959/- രൂപയുടെ ഡി.പി.ആർ തയ്യാറാക്കുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഭൂമിയിലാണ് പ്രസ്തുത പാർക്ക് സ്ഥിതി ചെയ്യുന്നതെന്നതിനാൽ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വാട്ടർ അതോറിറ്റി നിർദേശിച്ചിട്ടുള്ള റവന്യൂ ഷെയറിംഗിലെ വ്യവസ്ഥകൾ നെഗോഷിയേറ്റ് ചെയ്യുന്നതിനും, കൂടാതെ പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനും 20.1.2025ലെ ടൂർ-എ2/6/2025-ടൂർ നമ്പർ കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നിർദ്ദേശം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ